• പഠന റിപ്പോർട്ട്

# 'സൈലന്റ്‌വാലി വനങ്ങൾ അപൂർവ്വമായ ജീവരൂപങ്ങളുടെ നിലനില്പിന് അനിവാര്യമാണ്': ഡോ. വി.എസ്. വിജയൻ

## "ചർച്ചകളും ശുപാർശകളും" എന്ന ഏഴാം അദ്ധ്യായത്തിന്റെ പ്രസക്തഭാഗങ്ങൾ

വൈദ്യുതി ഉൽപാദനത്തിന്റേയും ജലസേചന സൗകര്യങ്ങളുടെയും വളർച്ച ഏതു വികസ്വരരാഷ്ട്രത്തിനും അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഇത്തരം വികസന പരിപാടികളെ കണ്ണടച്ചെതിർക്കുകയെന്നത് ഏതു പരിസ്ഥിതി ശാസ്ത്രജ്ഞനും വന്യമൃഗ സംരക്ഷകനും ഭൂഷണമല്ല..... എന്നാൽ ഊർജ്ജം, കൃഷി എന്നിവയോടൊപ്പം രാജ്യത്ത് ആരോഗ്യകരമായ അന്തരീക്ഷം ഉണ്ടായിരിക്കണം. അത് വരുന്ന മുഴുവൻ തലമുറകൾക്കും ലഭ്യമാകണം. പ്രകൃതിയുടെ അമൂല്യമായ സമ്മാനം സംരക്ഷിക്കുകയെന്നത് മനുഷ്യന്റെ ധർമ്മമാണ്. അതുകൊണ്ട് ആസൂത്രകരും പ്രകൃതിവാദികളും തമ്മിൽ ഒരു അഭിപ്രായ ഭിന്നത രൂപപ്പെട്ടാൽ അത് ഒത്തുതീർപ്പിലൂടെ പരിഹരിക്കാനേ പാടുള്ളൂ.

ജലവൈദ്യുത പദ്ധതിക്കായുള്ള അണക്കെട്ടുകൾ നിർമ്മിക്കുമ്പോൾ വൻതോതിൽ വനം നശിക്കുകയും ആ പ്രദേശത്തിന്റെ പാരിസ്ഥിതിക ഘടന മാറുകയും ചെയ്യും. മാറുന്ന പരിസ്ഥിതിക്കനുയോജ്യമായ വിധത്തിൽ സ്വന്തം ജൈവാവസ്ഥ മാറ്റാൻ കഴിയാതെ വരുന്ന ജീവജാലങ്ങൾ നശിക്കും, അതിനു സാദ്ധ്യമാകുന്നവ അതിജീവിക്കും. അതുകൊണ്ട് ഒരു ജലവൈദ്യുതി അണക്കെട്ടു നിർമ്മിക്കുന്നതിനുള്ള നിർദ്ദേശത്തോടൊപ്പം ആ പ്രദേശത്തെ നന്നായി പഠിച്ചുകൊണ്ടുള്ള, പാരിസ്ഥിതിക സന്തുലനം സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പു നൽകുന്ന പ്രവർത്തനങ്ങളും ആവശ്യമാണ്. പദ്ധതിയുടെ ഭൗതിക നേട്ടങ്ങളോടൊപ്പം അതു വരുത്തുന്ന നാശങ്ങൾ കൂടി പരിഗണിക്കണം.

സൈലന്റ്‌വാലി വനങ്ങൾ എന്നാൽ പലവിധത്തിലും അപൂർവ്വമായ ജീവരൂപങ്ങളുടെ നിലനിൽപിന്ന് അനിവാര്യമാണ്. സിംഹവാലൻ കുരങ്ങുകൾക്ക് ഭൂമിയിൽ ജീവിക്കാൻ കഴിയുന്ന രണ്ടു പ്രദേശങ്ങളിൽ ഒന്നാണിത്. ലോകത്താകെ 500 ൽ താഴെ മാത്രമുള്ള ഈ ജീവി അന്യം നിന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ഇതുപോലെത്തന്നെയാണ് കടുവയും നീലഹരിഗിതാർ എന്ന ആടും......

120 മെഗാവാട്ട് വൈദ്യുതിയും 10,000 ഏക്കർ ജലസേചന സൗകര്യവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 1983-84 ആകുമ്പോഴേക്കും സംസ്ഥാനത്ത് അധികമായി 1170 മെഗാവാട്ട് കൂടി ഉൽപാദനം വേണം. ഇപ്പോൾ ഉള്ള ശേഷി 1011.5 മെഗാവാട്ട് മാത്രമാണ്. അധികലക്ഷ്യത്തിന്റെ 10 ശതമാനമാണ് ഈ പദ്ധതി വഴി ഉൽപാദനം നടക്കുക. ഈ നേട്ടം, പാരിസ്ഥിതികമായ നഷ്ടവുമായി താരതമ്യം ചെയ്യേണ്ടതുണ്ട്.

ഇടുക്കി പ്രദേശവും അണക്കെട്ട് നിർമ്മാണത്തിനു മുമ്പ് നിബിഡവന പ്രദേശമായിരുന്നു. അണക്കെട്ടും അതിനുശേഷം നടന്ന കുടിയേറ്റങ്ങളും ആ കന്യാവനങ്ങളെ നശിപ്പിച്ചു. അത്തരമൊരു പാരിസ്ഥിതിക ദുരന്തം ഇനി ആവർത്തിച്ചുകൂടാ.

വനഭൂമിക്കുമേൽ വ്യത്യസ്ത കാരണങ്ങൾ മൂലം കടുത്ത സമ്മർദ്ദമുണ്ട്. അണക്കെട്ടു സംരക്ഷിക്കുന്നതിന്റെ ആവശ്യത്തിലേക്കായിട്ടാണെങ്കിലും അണക്കെട്ടിന്റെ ആവാഹപ്രദേശത്തുള്ള വനം സംരക്ഷിക്കപ്പെടും എന്നാശിച്ചിരുന്നു. എന്നാൽ ഇടുക്കിയിലെ അനുഭവം മറിച്ചായിരുന്നു.

ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ, സൈലന്റ്‌വാലിയെന്നത് മറ്റൊരു കാട് എന്ന അർത്ഥത്തിൽ പരിഗണിക്കരുതെന്നാണ് തോന്നുന്നത്..... തമിഴ്നാടിന്റെ ഉദാഹരണം പരാമർശിക്കപ്പെടേണ്ടതുണ്ട്. കടുത്ത ജല-വൈദ്യുതി ദൗർലഭ്യമുണ്ടായിട്ടും 150 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാവുന്ന മോയാർ പദ്ധതി അവർ ഉപേക്ഷിച്ചത് മുതുമലൈ, ബന്ദിപ്പൂർ വനങ്ങളെ സംരക്ഷിക്കാനാണ്.

### ശുപാർശകൾ

ഈ പഠനത്തിലൂടെ വ്യക്തമാകുന്ന ആ പ്രദേശത്തിന്റെ അപൂർവ്വ പ്രത്യേകതകൾ കൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ സൈലന്റ്‌വാലിയിൽ ജലവൈദ്യുതി അണക്കെട്ട് നിർമ്മിക്കാനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കാവൂ. സിംഹവാലൻ കുരങ്ങുകളുടെ സംരക്ഷണ കേന്ദ്രമായും ജൈവമണ്ഡല സംരക്ഷണ കേന്ദ്രമായും പ്രഖ്യാപിച്ചുകൊണ്ട് സൈലന്റ്‌വാലി - അട്ടപ്പാടി പ്രദേശം നശിപ്പിക്കാതെ സൂക്ഷിക്കുക. സൈലന്റ്‌വാലിക്കു ചുറ്റുമുള്ള നിക്ഷിപ്ത വനം ഒരു ബഫർ പ്രദേശമായി സംരക്ഷിക്കണം. നീലഗിരിതാർ എന്ന വരയാടുകൾ, മലയണ്ണാൻ, ആനകൾ, കടുവ, പുലി, കരിമ്പുലി തുടങ്ങിയ മൃഗങ്ങൾക്കും മറ്റ് ചെറു സസ്തനികൾക്കും ഏറ്റവും അനുയോജ്യമായ സംരക്ഷിത പ്രദേശമായിരിക്കും ഇത്.

ഈ റിപ്പോർട്ട് വളരെ ഗഹനവും വിശദവുമാണ്. നിത്യഹരിത ഉഷ്ണമേഖലാ വനങ്ങൾ, ജല ജൈവസമ്പത്തുകളുടെ സംരക്ഷണത്തിന് എത്രത്തോളം പ്രധാനമാണെന്ന് ഈ റിപ്പോർട്ടു വ്യക്തമാക്കുന്നു.

സൈലന്റ്‌വാലി പദ്ധതിക്കായി തയ്യാറാക്കിയ ജലം-കാലാവസ്ഥാ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ അതിൽ നൽകിയിട്ടുണ്ട്. ഇത് ഇന്നത്തെ പദ്ധതിക്കായി നൽകിയിട്ടുള്ള (ഇ.ഐ.എ.) വിവരങ്ങളുമായി താരതമ്യം ചെയ്യുന്നത് രസകരമായിരിക്കും. ചില ഉദാഹരണങ്ങൾ.....

### വിഷയം സൈലന്റ്‌വാലി പാത്രക്കടവ് പദ്ധതി

പദ്ധതി (ബോർഡ് കണക്ക്)

1) ആവാഹപ്രദേശം 77 ചതു. കി.മീ. 84 ചതു. കി.മീ.

2) ശരാശരി വർഷപാതം 4600 മി.മീ. 5007 മി.മീ.

(വാർഷികം)

3) ശരാശരി നീരൊഴുക്ക് 293 498.25

(ദശലക്ഷം ഘനമീറ്റർ)

സൈലന്റ്‌വാലി തന്നെയാണ് പുതിയ പദ്ധതിയുടെ ആവാഹ പ്രദേശത്തിന്റെ 90 ശതമാനവും കുന്തിപ്പുഴയുടെ താഴെ ഭാഗത്താണ് ഈ പുതിയ അണക്കെട്ട് വരുന്നത് എന്നതിനാൽ സൈരന്ധ്രിയിലുള്ള നീരൊഴുക്ക് ഇവിടെയുണ്ടാകില്ലെന്നു തീർച്ച. 1970 കളിൽ തയ്യാറാക്കിയ ഈ റിപ്പോർട്ടിനേക്കാൾ ശരാശരി വർഷപാതം ഇപ്പോൾ കുറഞ്ഞിട്ടേയുള്ളൂ. ഈ പ്രദേശത്ത് ഒമ്പതു വർഷക്കാലത്ത് (1965-73) ശേഖരിച്ച മഴയുടെ കണക്കനുസരിച്ച് ശരാശരി വർഷപാതം 3180.1 മി.മീ. യാണ്.

